# കേരള സർവകലാശാല

നം. പി.ആർ.055/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.ടെക് സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2015 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് ഓൺലൈനായി അപേക്ഷിച്ചവർ ഏപ്രിൽ 19 മുതൽ 26 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഉച്ചയ്ക്ക് മൂന്ന് മണി മുതൽ അഞ്ച് മണിവരെയുള്ള സമയങ്ങളിൽ സർവകലാശാലയുടെ പുനർമൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട സെക്ഷനിൽ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡ്, ഹാൾടിക്കറ്റുമായി നേരിട്ട് ഹാജരാകണം.

### ബി.കോം ലാബ് പരീക്ഷ

കേരള സർവകലാശാല ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (138 – 2 (ബി)) ലാബ് പരീക്ഷ ഏപ്രിൽ 26, 27, 28 തീയതികളിൽ അതത് കോളേജുകളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എ പരീക്ഷാകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല അവസാന വർഷ ബി.എ (ഏപ്രിൽ/മേയ് 2016 – ആന്വൽ സ്കീം) പരീക്ഷയ്ക്ക് കൊല്ലം എഫ്.എം.എൻ കോളേജ് സെന്ററിൽ അപേക്ഷിച്ചിരുന്ന വിദ്യാർത്ഥികൾക്ക് ഏപ്രിൽ 12-ന് പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്ന കൊല്ലം എസ്.എൻ കോളേജ് സബ് സെന്ററിന് മാറ്റം വരുത്തിയിരിക്കുന്നു. രജിസ്റ്റർ നം. 74601 – 74825 വരെയുള്ള റഗുലർ വിദ്യാർത്ഥികളേയും രജി.നം 4001 മുതൽ 4105 വരെയുള്ള സപ്ലിമെന്ററി വിദ്യാർത്ഥികളേയും കൊല്ലം ടി.കെ.എം കോളേജിലേക്ക് മാറ്റി. ഈ വിദ്യാർത്ഥികൾ ടി.കെ.എം കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

### എം.എഡ് (നോൺ സി.എസ്.എസ്) പരീക്ഷ

കേരള സർവകലാശാല മേയ് 23-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.എഡ് (നോൺ. സി.എസ്.എസ് – ദ്വിവത്സരം – 2015 അഡ്മിഷൻ) പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 27 (50 രൂപ പിഴയോടെ ഏപ്രിൽ 29, 250 രൂപ പിഴയോടെ മേയ് രണ്ട്) വരെ അപേക്ഷിക്കാം.

### ബി.ആർക് ഫലം

കേരള സർവകലാശാല 2016 ജനുവരിയിൽ നടത്തിയ പത്താം സെമസ്റ്റർ ബി.ആർക് (2008 സ്കീം – സപ്ലിമെന്ററി), 2015 നവംബറിൽ നടത്തിയ ഒമ്പതാം സെമസ്റ്റർ ബി.ആർക് (2008 സ്കീം റഗുലർ & സപ്ലിമെന്ററി), ഒന്ന്, രണ്ട് സെമസ്റ്റർ ബി.ആർക് (2013 സ്കീം – സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിന് (പത്താം സെമസ്റ്റർ ഒഴികെ) മേയ് അഞ്ച് വരെ അപേക്ഷിക്കാം.

## ബി.എ, ബി.കോം പരീക്ഷ : ഓൺലൈൻ രജിസ്ട്രേഷൻ

**കേരള സർവകലാശാല ഒന്നും രണ്ടും വർഷ ബി.എ, ബി.എ. അഫ്സൽ ഉൽ-ഉലമ, രണ്ടാം വർഷ ബി.കോം പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിനും പരീക്ഷാഫീസ് അടയ്ക്കുന്നതിനുമുള്ള തീയതി പിഴകൂടാതെ ഏപ്രിൽ 21 (50 രൂപ പിഴയോടെ ഏപ്രിൽ 22, 250 രൂപ പിഴയോടെ ഏപ്രിൽ 23) വരെ അപേക്ഷിക്കാം.**

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
18.04.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**